Rs. 20/-

Keraleeyam
2008 September

Registered KL/CR/TCR/353/2006-08
Licence No. KL/TCR/WPP-18/2006-08
Licenced to post without prepayment
Posted at Thrissur RMS/2 on 20 & 21/09/2008






## തൃശൂർ പുഴയ്ക്കൽ പാടത്തെ ശോഭാ സിറ്റിയുടെ കോർപ്പറേറ്റ് തട്ടിപ്പിന് മനോരമയുടെ വെള്ളപൂശൽ

# കാണുക : 'ശോഭ'യുടെ ഈ തട്ടിപ്പ്, വഞ്ചന

റോബിൻ

'ശോഭനം ഈ തടാകം' എന്ന പേരിൽ മെട്രോ മനോരമയുടെ ആഗസ്റ്റ് 4-ലെ മുൻപേജിലെ വാർത്തയാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഇതൊരു വാർത്തയല്ലെന്നും വെറും തട്ടിപ്പുപരസ്യമാണെന്നന്നും ശ്രദ്ധിച്ചാൽ ആർക്കും മനസ്സിലാകും. "കാലവർഷം കനക്കുമ്പോൾ ശോഭയുടെ മനം നിറയുന്നു. രാജ്യത്തെ ഏറ്റവും വലിയ മനുഷ്യനിർമ്മിത തടാകങ്ങളിൽ ഒന്നെന്ന ബഹുമതിയിലേക്ക് മെല്ലെമെല്ലെ ശോഭ നിറയുകയാണ്...." എന്നതു വായിച്ചാൽ തൃശൂരില പുഴയ്ക്കൽ പാടവും കോൾനിലത്തിലേയ്ക്കുള്ള തോടും പി.എൻ.സി. മേനോന്റെ തറവാടുസ്വത്ത് ആണെന്ന് എല്ലാവരും കരുതും. സംഗതി, പണ്ട് ആലുക്കാസ് ഡെവലപ്പേഴ്സിൽ നിന്നും കുറേ ഭാഗം വാങ്ങിയതാണ്. രണ്ടുപൂവ്വ് നെൽകൃഷി ചെയ്തിരുന്ന ഈ വിശാലമായ പാടശേഖരം നികത്തിത്തുടങ്ങിയത് ആലുക്കാസ് ആയിരുന്നു. പണ്ട് ഇവിടെ പാടമുണ്ടായിരുന്നു എന്നു തോന്നുന്ന രീതിയിൽ കുറച്ച് അവശേഷിച്ചത് ഇപ്പോൾ കിൻഫ്ര വ്യവസായ പാർക്കിനുവേണ്ടി നികത്തുകയാണ്. ഇതിനുമുമ്പ് എല്ലാ വിദേശ-സ്വദേശി വാഹന കമ്പനികളും ലുലു കൺ വെൻഷൻ സെന്ററും/ഹോട്ടലും മാനുവൽ സൺസും മറ്റും നികത്തിയിരുന്നു.

ശോഭ സിറ്റിക്കും പി.എൻ.സി. മേനോനും പരമാവധി പബ്ലിസിറ്റിയും മാന്യതയും നൽകുക എന്നത് മനോരമയുടെ മാത്രമല്ല എല്ലാ പത്ര-മാധ്യമങ്ങളുടെയും സി.പി.എം. ഉൾപ്പെടെയുള്ള രാഷ്ട്രീയപാർട്ടികളുടെയും അവതാര ഉദ്ദേശ്യമാണ് എന്ന രീതിയിലാണ് എല്ലാവരും പെരുമാറുന്നത്. അത് വെറുതെയല്ലെന്നും സംഭാവനയും പരസ്യങ്ങളും മറ്റ് സഹായങ്ങളുമമായി കയ്യയച്ച് സഹായിക്കാൻ ഉദാരമതിയായ മേനോൻ സാദാസന്നദ്ധനെന്ന് തൃശൂർക്കാർക്കുമാത്രമല്ല, ഈ രംഗം നിരീക്ഷിച്ച എല്ലാവർക്കുമറിയാം.

മഴവെള്ള സംഭരണി വഴി തടാകം നിറയ്ക്കുന്നത് നല്ലതല്ലേ? -അതിലും അസൂയയോ എന്ന് തോന്നാം. കാര്യം അതല്ല, കൃഷിയ്ക്കും നേരിട്ടല്ലാതെ ജലസേചനത്തിനും നാട്ടുകാർക്കൊക്കെയും ഉപയോഗപ്പെടേണ്ട തോടരികിലാണ് ഇവരുടെ കുളം അഥവാ തടാകം! മനോരമ ലേഖനത്തിൽ പറയുന്നതുപോലെ മനോഹരനഗരം, ശോഭനം എന്നൊക്കെ വിശേഷിപ്പിക്കുന്നതോടൊപ്പം 'അതിർത്തികൾ ലംഘിച്ചും' വളരുന്ന പി.എൻ.സി. മേനോനെ സമൃദ്ധമായി പുകഴ്ത്തുന്നുമുണ്ട്. വാസ്തവത്തിൽ ശോഭ ഡെവലപ്പേഴ്സ് അതിർത്തികൾ ലംഘിക്കുക തന്നെയാണ്. യാതൊരു നിയമ നിയന്ത്രണങ്ങളോ മര്യാദയോ ഇല്ലാതെ. എല്ലാം 'പണത്തിനുമേലെ പരുന്ത് പറക്കില്ല'. തൃശൂരിലെ കോൾനിലങ്ങളിലേക്ക് വെള്ളമെത്തിക്കുന്ന പീച്ചി ഇടതുകര കനാലിനും ഈ കനാലിൽ നിന്ന് പുഴക്കൽ പാടത്തേക്ക് വെള്ളമെത്തിച്ചിരുന്ന വലിയ തോടിനുമിടയിലാണ് ശോഭടൈൺഷിപ്പ് ഉയരുന്നത്. വർഷക്കാലത്ത് ശോഭയുടെ തടാകം സ്വാഭാവികമായി നിറയും. വേനൽക്കാലത്ത് ഈ തോടുകളിലെ ഉറവയിലൂടെ തടാകത്തിലെ ജലനിരപ്പ് നലനിർത്താനാകും.

ഒരു സാധാരണക്കാരൻ വീടുവെയ്ക്കാൻ അനുമതി നേടുന്നത് എത്ര കഷ്ടപ്പെട്ടാണെന്ന് നമ്മിൽ ചിലർക്കെങ്കിലും അറിയാം. ആലുക്കാസിനുലഭിച്ച സ്ഥലംനികത്തൽ അനുമതി സ്ഥലത്തോടൊപ്പം ശോഭയ്ക്കെങ്ങനെ കിട്ടി? ഇത് നിയമ ലംഘനമാണ്. പക്ഷെ ആരുണ്ടിവിടെ ചോദിക്കാൻ?

ഒരു പൊതുടാപ്പിൽ നിന്നോ കുഴലിൽ നിന്നോ സ്വകാര്യ ആവശ്യങ്ങൾക്ക് അനധികൃതമായി വെള്ളമെടുത്താൽ അത് വലിയ കുറ്റമാണ്, ശിക്ഷയും ഉറപ്പ്. ഒരു തോട്ടിലേയും പാടത്തേയും മൊത്തം ജലസമ്പത്ത്, പൊതുവായ വിഭവം, കട്ടെടുത്താൽ അത് മികവായി മനോരമ എഴുതും, ഇപ്പോൾ നമ്മുടെ വികസനം ഇങ്ങനെയാണ് : 2-3 കോടി രൂപയാണ് ഇവിടുത്തെ വീടിന്റെ വില. വീടുമാത്രമല്ല കച്ചവട കേന്ദ്രങ്ങൾ, ഹോട്ടൽ, ആശുപത്രി.... മനോരമ ഇങ്ങനെ അവസനിപ്പിക്കുന്നു : "ജലദേവതയുടെ അനുഗ്രഹം ശോഭയിൽ നിറഞ്ഞൊഴുകുന്നു". കൊള്ളയെ അനുഗ്രഹമായി കരുതുമ്പോൾ നമുക്കെന്താണ് ചെയ്യാനാവുക? ഓർക്കുക മനോരമയുടെ പാരമ്പര്യവും മറ്റൊന്നല്ല. ഉദാഹരണമായി മനോരമ എടുത്തെന്നേ ഉള്ളൂ. 'ജലസംരക്ഷണത്തിന് മഴവെള്ള സംഭരണം' എന്ന ഒറ്റമൂലി കുറച്ചുകാലമായി അവർ നിർദ്ദേശിക്കുന്നുണ്ടല്ലോ? നാടാകെ സിമന്റ് വികസനം മാതൃകയാക്കുന്ന അവർ, മണ്ണിട്ട സ്ഥലങ്ങൾ സിമന്റുസംസ്ക്കാരത്തിലേയ്ക്ക് മാറ്റുന്ന ജനത്തിന്, വെള്ളം സംഭരിക്കേണ്ടത് (അവർ നിർദ്ദേശിക്കുന്നത്) പരിസ്ഥിതി സംരക്ഷിച്ചോ, മണ്ണിലോ അല്ല, ഫെറോ സിമെന്റ് ടാങ്കുകളിലാണ് എന്നത്രേ. കലികാലം വരുന്നത് ഇനി 'ശോഭ'യിലൂടെ മാത്രമല്ല. 'മനോരമ'യുടെ കൂട്ടുണ്ട്.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com